**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ മണ്ഡലകാല മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മണ്ഡലകാലത്തിന് മുന്നോടിയായി ശബരിമലയിൽ സർക്കാർ മുന്നൊരുക്കങ്ങളോ അവലോകന യോഗങ്ങളോ നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | മണ്ഡലകാലത്തിന് മുന്നോടിയായി ശബരിമലയിൽ സർക്കാർ കൃത്യമായ മുന്നൊരുക്കങ്ങളും ആയതിന്റെ ഭാഗമായി വിവിധ അവലോകന യോഗങ്ങളും നടത്തിയിരുന്നു. 2022-23 വർഷത്തെ ശബരിമല തീർത്ഥാടനം വിജയകരമായി പൂർത്തിയാക്കിയ ശേഷം മുതൽ തന്നെ 2023-24 വർഷത്തെ ശബരിമല തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിരുന്നു. 2022-23 ശബരിമല തീർത്ഥാനത്തിന്റെ വിജയത്തിനായി പ്രയത്നിച്ച വകുപ്പുകളെ അനുമോദിക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/02/2023-ന് പമ്പയിൽ വച്ച് ചേർന്ന യോഗത്തിൽ വച്ച് 2023-24 തീർത്ഥാടന കാലത്തേക്കുള്ള തയ്യാറെടുപ്പുകൾ കാലേകൂട്ടി ആരംഭിക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനും നിർദ്ദേശം നൽകിയിരുന്നു.<br><br>ബഹു. മുഖ്യമന്ത്രി 04/04/2023-ന് ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ശബരിമല അവലോകന യോഗം ചേർന്ന് അടുത്ത തീർത്ഥാടനത്തിന്റെ വിജയത്തിനുതകുന്ന തരത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. തുടർന്ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2023-ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2023-24 തീർത്ഥാടനത്തിനായി ബോർഡ് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ പരിശോധിക്കുകയും |

| | | | |
|---|---|---|---|
| | | | മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ തന്നെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും കൂടി ഉൾപ്പെടുത്തി 27/09/2023-ന് പമ്പയിൽ വച്ചും 31/10/2023-ന് എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിൽ വച്ചും അവലോകന യോഗങ്ങൾ ചേർന്നിരുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ കൂടി സാന്നിധ്യത്തിൽ ഗതാഗതം, ജലവിഭവം, വനം, റവന്യൂ വകുപ്പുകളുടെ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11/10/2023-ന് ഗവ. സെക്രട്ടറിയറ്റിൽ വച്ച് ചേർന്നിരുന്നു.<br><br>2023-24 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലും ബോർഡ് തലത്തിലും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. മന്ത്രിമാർ, ബന്ധപ്പെട്ട എം.പി., എം.എൽ.എ-മാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, വകുപ്പ് അദ്ധ്യക്ഷൻമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഉന്നതതല യോഗം 18/10/2023-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. കൂടാതെ 12/12/2023-നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശബരിമല തീർത്ഥാടനത്തിന്റെ അവലോകനത്തിനായി യോഗം ചേരുകയുണ്ടായി. |
| (ബി) | പോലീസും ദേവസ്വം ബോർഡും തമ്മിലുള്ള തർക്കങ്ങൾ ഇക്കഴിഞ്ഞ മണ്ഡലകാലത്തെ ദോഷകരമായി ബാധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ പോലീസും ദേവസ്വം ബോർഡും ഒത്തൊരുമയോടും കൃത്യമായ ഏകോപനത്തോടും കൂടിയാണ് മണ്ഡല കാലത്ത് തീർത്ഥാടകർക്കായി ദർശന സൗകര്യം ഒരുക്കിയത്. |
| (സി) | എങ്കിൽ ഇപ്രകാരമുള്ള തർക്കങ്ങൾ പരിഹരിക്കുവാനും വരും വർഷങ്ങളിൽ തീർത്ഥാടകർക്ക് ദർശനം സുഗമമാകുംവിധം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് മൂലം തിരക്ക് നിയന്ത്രണാധീതമായ സന്ദർഭത്തിൽ വെർച്വൽ ക്യൂ ബുക്കിംഗിന്റെ എണ്ണം പരിമിതപ്പെടുത്തിയിരുന്നതും പതിനെട്ടാം പടിയുൾപ്പെടെയുള്ള സുപ്രധാന സ്ഥലങ്ങളിൽ പരിചയ സമ്പന്നരായ പോലീസുകാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നതാണ്. മേൽ പ്രകാരമുള്ള നടപടികളിലൂടെ തിരക്ക് നിയന്ത്രണ വിധേയമാക്കി തീർത്ഥാടകർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. 2023- |

| | | | |
|---|---|---|---|
| | | | 24 മണ്ഡല -മകരവിളക്ക് കാലത്ത് ശ്രദ്ധയിൽപെട്ട വിഷയങ്ങൾ പരിശോധിച്ച് വരും വർഷങ്ങളിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ഫെബ്രുവരി 6-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തലത്തിൽ അവലോകന യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ